STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.293/PR/SPMC/PHQ/2026 Date:16.07.2026

## പത്രക്കുറിപ്പ്

## ഓപ്പറേഷൻ തൂഫാൻ: 263 പേർ അറസ്റ്റിൽ, 247 കേസുകളെടുത്തു.

ഓപ്പറേഷൻ തൂഫാൻറെ ഭാഗമായി സംസ്ഥാന വ്യാപകമായി നടത്തിയ പരിശോധനയിൽ 263 പേർ അറസ്റ്റിലായി, 247 കേസുകൾ രജിസ്റ്റർ ചെയ്തു.

രജിസ്റ്റർ ചെയ്ത കേസുകളിൽ സ്മാൾ ക്വാണ്ടിറ്റി കൈവശം വെച്ചതിന് 114 കേസുകളും മീഡിയം ക്വാണ്ടിറ്റി കൈവശം വെച്ചതിന് നാല് കേസുകളും കൊമേർഷ്യൽ ക്വാണ്ടിറ്റി കൈവശം വെച്ചതിന് അഞ്ച് കേസും 27 എൻ.ഡി.പി.എസ് ആക്ട് പ്രകാരം 124 കേസുകളും കോട്പ (COTPA) പ്രകാരം 164 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവരിൽ നിന്ന് 523.413 ഗ്രാം എം.ഡി.എം.എയും 20.284 കി.ഗ്രാം കഞ്ചാവും 8.75 ഗ്രാം ഹാഷിഷ് ഓയിലും 2.4 ഗ്രാം ഹെറോയിനും പിടിച്ചെടുത്തു.

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി ഇതുവരെ 7115 കേസുകളാണ് രജിസ്റ്റർ ചെയ്തത്. ആകെ 7638 അറസ്റ്റുകൾ നടന്നു. ഇതുവരെ പിടിച്ചെടുത്ത എം.ഡി.എം.എ 5752.50 ഗ്രാം, കഞ്ചാവ് 602.26 കി.ഗ്രാം, ഹാഷിഷ് ഓയിൽ 3906.139 ഗ്രാം, ബ്രൗൺ ഷുഗർ 690.669 ഗ്രാം.

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി ഇന്നലെ മാത്രം സംസ്ഥാനത്തുടനീളം കേരള പോലീസ് 93 ബോധവൽക്കരണ ക്ലാസുകൾ നടത്തി. ഇതുവരെ നടത്തിയ ആകെ ബോധവൽക്കരണ ക്ലാസ്സുകളുടെ എണ്ണം 7202 ഉം കൗൺസിലിങ്ങുകളുടെ എണ്ണം 364 ഉം ആണ്. സ്കൂൾ, കോളേജ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ ആകെ 5553 ബോധവത്ക്കരണ പരിപാടികളും നടത്തി.

ലഹരി വിപണനത്തെക്കുറിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് നേരിട്ടും (9497979794, 9497927797) വാട്സ്ആപ്പ് (9995966666) മുഖേനയും പോലീസിനെ

അറിയിക്കാം. ഈ നമ്പറുകളിലേക്ക് ബന്ധപ്പെടുന്നവരുടെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കും.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,

ഡെപ്യൂട്ടി ഡയറക്ടർ,

സ്റ്റേറ്റ് പോലീസ്

മീഡിയ സെൻറർ

*********************************